പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം **5388** | 26/03/2018 ൽ മറുപടിക്ക്

## വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൾ ഹമീദ് പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്. സർവ്വേ അതിരടയാള നിയമ പ്രകാരം ടി വില്ലേജിന്റെ സെക്ഷൻ 9(2), 11/01/2018 ന് പരസ്യപ്പെടുത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത വില്ലേജിൽ റീസർവ്വേ പ്രകാരമുള്ള ഭൂമി തരം തിരിവ് എന്ന് മുതൽ നിലവിൽ വരുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ; | (ബി) റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.റിക്കാർഡുകൾ റവന്യൂ ഭരണത്തിൽ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് റീസർവ്വേ പ്രകാരമുള്ള ഭൂമി തരംതിരിവ് നിലവിൽ വരുന്നതാണ്. |
| (സി) ടി വില്ലേജിൽ സർവ്വേ നമ്പരുകളിലെ തെറ്റുകൾ കാരണം ഭൂമി ഇടപാടുകൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. സർവ്വേ നമ്പരുകളിലെ തെറ്റുകൾ കാരണം ഭൂമി ഇടപാടുകൾ നടന്നിട്ടില്ലെന്ന പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) ടി വില്ലേജിൽ റീസർവ്വേ പ്രകാരമുള്ള സർവ്വേ നമ്പരുകൾ പ്രാബല്യത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) വഞ്ചിയൂർ വില്ലേജിന്റെ റീസർവ്വേ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമപ്രകാരം സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ